**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 435** **21-07-2022 - ൽ മറുപടിയ്ക്ക്**

**വന്ദേഭാരത് ട്രെയിൻ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിവേഗ ട്രെയിൻ യാത്രാസൗകര്യം ഏർപ്പെടുത്താനുള്ള സംസ്ഥാന സർക്കാരിന്റെ പദ്ധതിയെ കുറിച്ച് ജനങ്ങളിൽ പ്രതികൂല പ്രതികരണം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ ചില കേന്ദ്രങ്ങൾ സംസ്ഥാനത്ത് ട്രെയിൻ യാത്രയുടെ വേഗത നൂറ്റി അറുപത് കിലോമീറ്ററായി വർദ്ധിപ്പിക്കാൻ റെയിൽവേ തീരുമാനിച്ചതായുള്ള വാർത്ത പ്രചരിപ്പിച്ചതിന്റെ നിജസ്ഥിതി പരിശോധിച്ചിരുന്നോ; | (എ) | സംസ്ഥാനത്തെ ട്രെയിൻ യാത്രയിലെ വേഗത 160 കിലോമീറ്റർ ആയി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പുകളൊന്നും തന്നെ കേന്ദ്രറെയിൽവേ മന്ത്രാലയത്തിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | സംസ്ഥാനത്തോടിക്കുന്ന ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കുന്നതായോ മൂന്നാം പാത നിർമ്മാണം ഉടൻ ആരംഭിക്കുന്നതായോ റെയിൽവേ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ റെയിൽപാതയിലെ വേഗത കൂട്ടുന്നതിനുള്ള നടപടികൾ ദക്ഷിണ റെയിൽവേ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ എറണാകുളം-ഷൊർണ്ണൂർ മൂന്നാം പാതയുടെ സർവ്വേ നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (സി) | സംസ്ഥാനത്ത് വന്ദേഭാരത് ട്രെയിൻ അനുവദിക്കുന്നതായി എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാനത്ത് വന്ദേഭാരത് ട്രെയിൻ അനുവദിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക തലത്തിൽ അറിയിപ്പുകളൊന്നും ലഭ്യമായിട്ടില്ല. കേരളത്തിലെ ട്രാക്കുകൾക്ക് മണിക്കൂറിൽ 80 കിലോമീറ്റർ മുതൽ 110 കിലോമീറ്റർ വരെ വേഗതയേ കൈവരിക്കാൻ സാധിക്കുകയുള്ളു. വന്ദേ ഭാരത് ട്രെയിനുകൾ കേരളത്തിൽ ഓടുകയാണെങ്കിൽ, ജനശതാബ്ദി, രാജധാനി തുടങ്ങിയ ട്രെയിനുകൾ കേരളത്തിലോടുന്ന അതേ റണ്ണിംഗ് ടൈം മാത്രമേ നേടാനാകുകയുള്ളൂ. |
| (ഡി) | സംസ്ഥാനത്തെ റെയിൽ പാതയുടെ വളവ് നിവർത്താൻ എന്തെങ്കിലും പദ്ധതി റെയിൽവേ ആരംഭിക്കുകയോ ആവിഷ്കരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | അത്തരം പദ്ധതികൾ ആവിഷ്കരിച്ചതായി കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിൽ ലഭ്യമായിട്ടില്ല. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 626 വളവുകളുണ്ട്. മണിക്കൂറിൽ 110 |

| | | | |
|---|---|---|---|
| | | | കിലോമീറ്ററിലേറെ വേഗതയിൽ പാത അനുയോജ്യമാക്കണമെങ്കിൽ ഈ വളവുകളെല്ലാം നേരെയാക്കേണ്ടതുണ്ട്. 576 കിലോമീറ്റർ പാതയിൽ 36% പാതയും വളവുകളുള്ളതാണ്. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലൂടെയാണ് പാത കടന്നുപോകുന്നത്. അതുകൊണ്ടു തന്നെ വളവുകൾ നേരെയാക്കുന്നത് ജനങ്ങളെയും ജനവാസ കേന്ദ്രങ്ങളേയും ബാധിക്കും. വളവുകളിലുള്ള അനവധി സ്റ്റേഷനുകളും ഉപേക്ഷിക്കേണ്ടി വരും. |

സെക്ഷൻ ഓഫീസർ